ദേവസ്വംകമ്മീഷണർ ആഫീസ്
തിരുവനന്തപുരം 23 /9 /2015

**ആർ.ഒ.സി. നം. 85/10/മിസ്. ബി.**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

**വിഷയം: -** പാർട്ട് ടൈം പഞ്ചവാദ്യം ജീവനക്കാരന്റെ നിയമന ഉത്തരവ് സംബന്ധിച്ച്.

**സൂചന:-**
1. ബഹു: ഹൈക്കോടതിയുടെ 7-9-2011-ലെ ഡബ്ലിയു.പി.(സി) 29667/2008, 21971/2009, 26093/10, 21362/11, 21361/11, 21364/11 എന്നീ കേസുകളിലെ വിധിന്യായ ഉത്തരവ്.
2. ദേവസ്വം ബോർഡിന്റെ 8/11/2011-ലെ ആർ.ഒ.സി. 6191/07/സി.എ. നമ്പർ ഉത്തരവ്
3. 13-7-2015-ലെ ബഹു: ഹൈക്കോടതിയുടെ ഡബ്ലിയു.പി.(സി) 20311/15 കേസിലെ ഉത്തരവ്.
4. 7-8-2015-ലെ ആർ.ഒ.സി. 2264/14/ സി.എ. നമ്പർ ബോർഡുത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രകലാപീഠങ്ങളിൽ പഠനം നടത്തി യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉണ്ടാകുന്ന പഞ്ചവാദ്യം, തകിൽ, നാദസ്വരം ലാവണങ്ങളിൽ നിയമിക്കുന്നതിന് സൂചന (1) പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കലാപീഠങ്ങളിൽ വിജയകരമായി പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ സെലക്ട് ലിസ്റ്റ് സൂചന 2 പ്രകാരം തയ്യാറാക്കിയിട്ടുള്ളതാണ്. കലാപീഠങ്ങളിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയാണ് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ 2001-ൽ വൈക്കം ക്ഷേത്രകലാപീഠത്തിൽ നിന്നും പഞ്ചവാദ്യം കോഴ്സ് പാസ്സായിട്ടുള്ള ശ്രീ. മനോജ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തുന്ന അവസരത്തിൽ തന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ല. ആയതിനാൽ ഇദ്ദേഹത്തിന്റെ പേര് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ശ്രീ. മനോജ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ലിയു.പി.(സി) നം. 20311/15/(പി) നമ്പർ കേസിൽ 2001-ൽ പഞ്ചവാദ്യം കോഴ്സ് പഠിച്ചിറങ്ങിയ തന്നേയും ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. മനോജിനെ ഇദ്ദേഹം പഞ്ചവാദ്യം കോഴ്സ് പാസ്സായ വർഷത്തെ അടിസ്ഥാനമാക്കി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകി സൂചന (3)

മേൽ സൂചിപ്പിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളുടേയും ബോർഡുത്തരവിന്റേയും അടിസ്ഥാനത്തിൽ ശ്രീ. മനോജിനെ (ഉലഹക്കല്ലുകൽ, പനമറ്റം പി.ഒ.) സൂചന 2 പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ 120 (എ) നമ്പർ പേരുകാരനായി ഉൾപ്പെടുത്തുന്നതിന് ഉത്തരവാകുന്നു. സെലക്ട് ലിസ്റ്റിൽ 120-ാം റാങ്കുവരെയുള്ളവർക്ക് നിയമനം നൽകി. ആയതിനാൽ റാങ്ക് ലിസ്റ്റിൽ തൊട്ടടുത്ത സ്ഥാനക്കാരനായ ശ്രീ.പി. മനോജിനെ നിലവിൽ ഒഴിവുള്ള കൊട്ടാരക്കര ഗ്രൂപ്പിലെ പാർട്ട് ടൈം പഞ്ചവാദ്യ ലാവണത്തിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി നിയമിച്ചിരിക്കുന്നു. നിയമിക്കപ്പെട്ട് ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷം പ്രൊബേഷൻ കാലമായിരിക്കും.

ദേവസ്വം കമ്മീഷണർ

ശ.